# പരിശീലന രൂപരേഖകൾ
# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക
# (3)

ദൂത് നാല്

## ദൈവത്തിന്റെ മർമം—ക്രിസ്തു

RA *Hymns*: ML200, ML45

തിരുവെഴുത്ത് വായന: കൊലൊ. 2:2-3, 9-13; 3:1; 4:3;
എഫെ. 3:8-9; യോഹ. 1:1, 14, 16; 1 കൊരി. 6:17

കൊലൊ. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

കൊലൊ. 2:3 അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു.

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

കൊലൊ. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

കൊലൊ. 2:11 അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു,

കൊലൊ. 2:12 സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

കൊലൊ. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു;

കൊലൊ. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

കൊലൊ. 4:3 അതേസമയം ക്രിസ്തുവിന്റെ മർമം സംസാരിക്കുവാൻ, വചനത്തിനായുള്ള വാതിൽ ദൈവം ഞങ്ങൾക്കു തുറക്കേണ്ടതിന്,

ഞങ്ങൾക്കു വേണ്ടിയും പ്രാർഥിക്കുവിൻ (ഇതു നിമിത്തമല്ലോ ഞാനും ബന്ധനത്തിലായിരിക്കുന്നത്),

എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

**I. വേദപുസ്തകത്തിൽ ഒരു മർമം എന്നത്, മറഞ്ഞിരിക്കുന്നതും അറിയപ്പെടാത്തതുമായ കാര്യങ്ങളെ മാത്രമല്ല, ദൈവത്തിന്റെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്നതായ കാര്യങ്ങളെയും സൂചിപ്പിക്കുന്നു; ഇതാണ് വേദപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന മർമങ്ങളെ സംബന്ധിച്ച തത്ത്വം—മർക്കൊ. 4:11; റോമ. 16:25-26; കൊലൊ. 1:26-27; 2:2; 4:3; എഫെ. 1:9; 3:3-4, 9; 5:32; 6:19.**

മർക്കൊ. 4:11 അവൻ അവരോട്, ദൈവരാജ്യത്തിന്റെ മർമം അറിയുവാൻ നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു, എന്നാൽ പുറത്തുള്ളവർക്ക് എല്ലാ കാര്യങ്ങളും ഉപമകളിലാകുന്നു,

റോമ. 16:25 യുഗങ്ങളുടെ കാലങ്ങളിൽ നിശബ്ദമാക്കപ്പെട്ടിരുന്ന, എന്നാൽ ഇപ്പോൾ വെളിവാക്കപ്പെട്ട, നിത്യ ദൈവത്തിന്റെ കൽപനപ്രകാരം, പ്രവാചക എഴുത്തുകളിലൂടെ, വിശ്വാസത്തിന്റെ അനുസരണത്തിനായി സകല ജാതികൾക്കും അറിവായിരിക്കുന്ന,

റോമ. 16:26 മർമത്തിന്റെ വെളിപാടിനൊത്തവണ്ണവും, യേശു ക്രിസ്തുവിന്റെ പ്രഖ്യാപനമായ, എന്റെ സുവിശേഷത്തിനൊത്തവണ്ണവും നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിവുള്ള,

കൊലൊ. 1:26 യുഗങ്ങളായും തലമുറകളായും മറഞ്ഞുകിടന്ന മർമം ഇപ്പോൾ വിശുദ്ധന്മാർക്ക് വെളിവായിരിക്കുന്നു;

| | |
|---|---|
| കൊലൊ. 1:27 | അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ, |
| കൊലൊ. 2:2 | അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു. |
| കൊലൊ. 4:3 | അതേസമയം ക്രിസ്തുവിന്റെ മർമം സംസാരിക്കുവാൻ, വചനത്തിനായുള്ള വാതിൽ ദൈവം ഞങ്ങൾക്കു തുറക്കേണ്ടതിന്, ഞങ്ങൾക്കു വേണ്ടിയും പ്രാർഥിക്കുവിൻ (ഇതു നിമിത്തമല്ലോ ഞാനും ബന്ധനത്തിലായിരിക്കുന്നത്), |
| എഫെ. 1:9 | അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു, |
| എഫെ. 3:3 | ഞാൻ മുമ്പേ ചുരുക്കത്തിൽ എഴുതിയിരുന്നതുപോലെ, വെളിപാടിനാൽ ആയിരുന്നു എനിക്കു മർമം അറിവാക്കിയത്, |
| എഫെ. 3:4 | അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും |
| എഫെ. 3:9 | സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു, |
| എഫെ. 5:32 | ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു. |
| എഫെ. 6:19 | എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ, |

**II. കൊലൊസ്സ്യർ 2:2 പറയുന്നു: "ക്രിസ്തു എന്ന ദൈവമർമം"; ദൈവത്തിന്റെ മർമം ക്രിസ്തുവിൽ വെളിപ്പെടുന്നു, അതിനാൽ ക്രിസ്തു ദൈവത്തിന്റെ മർമമാണ്.**

**III. വേദപുസ്തകത്തിൽ അഞ്ച് വലിയ മർമങ്ങളുണ്ട്:**

A. പ്രപഞ്ചത്തിന്റെ മർമം ദൈവമാണ്, അവൻ പ്രപഞ്ചത്തിന്റെ അർഥവും ഉദ്ദേശ്യവുമാണ്—ഉല്പ. 1:1; വെളി. 4:11; എഫെ. 3:9.

| | |
|---|---|
| ഉല്പ. 1:1 | ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. |
| വെളി. 4:11 | ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, |

എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

B. മനുഷ്യന്റെ മർമവും ദൈവമാണ്—ഉല്പ. 1:26; സെഖ. 12:1; 1 കൊരി. 2:11.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

സെഖ. 12:1 പ്രവാചകം, യിസ്രായേലിനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാടു; ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാടു.

1 കൊരി. 2:11 മനുഷ്യന്റെ കാര്യങ്ങൾ അവനിലുള്ള മനുഷ്യാത്മാവല്ലാതെ മനുഷ്യരുടെ ഇടയിൽ ആർ അറിയുന്നു? അങ്ങനെതന്നെ, ദൈവത്തിന്റെ കാര്യങ്ങളെയും ദൈവാത്മാവല്ലാതെ ആരും അറിഞ്ഞിട്ടില്ല.

C. ദൈവത്തിന്റെ മർമം ക്രിസ്തുവാണ്—കൊലൊ. 2:2.

കൊലൊ. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

D. ക്രിസ്തുവിന്റെ മർമം സഭയാണ്—എഫെ. 3:4; കൊലൊ. 4:3.

എഫെ. 3:4 അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും

കൊലൊ. 4:3 അതേസമയം ക്രിസ്തുവിന്റെ മർമം സംസാരിക്കുവാൻ, വചനത്തിനായുള്ള വാതിൽ ദൈവം ഞങ്ങൾക്കു തുറക്കേണ്ടതിന്, ഞങ്ങൾക്കു വേണ്ടിയും പ്രാർഥിക്കുവിൻ (ഇതു നിമിത്തമല്ലോ ഞാനും ബന്ധനത്തിലായിരിക്കുന്നത്),

E. സഭയുടെ മർമം ക്രിസ്തുവിന്റെ വികാസമെന്ന നിലയിൽ ക്രിസ്തുവിന്റെ ജൈവരൂപമായ, ക്രിസ്തുവിന്റെ ശരീരമാണ്—എഫെ. 1:22-23; 4:4, 16; 5:30, 32.

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

എഫെ. 5:30 നാം അവന്റെ ശരീരത്തിലെ അവയവങ്ങൾ ആകുന്നുവല്ലോ.

എഫെ. 5:32 ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു.

## IV. എഫെസ്യലേഖനത്തിൽ *മർമം* എന്നത് നിർണായകമായ ഒരു പദമാണ്:

A. നിത്യതയിൽ ദൈവം ഒരു ഹിതത്തിന് പദ്ധതിയിട്ടു, എന്നാൽ അത് അവനിൽ മറഞ്ഞുകിടന്നു; അത് ഒരു മർമമായിരുന്നു—1:9.

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

B. ദൈവത്തിന്റെ മറഞ്ഞുകിടന്ന ഉദ്ദേശ്യം മർമമാണ്, ഇഴുകിച്ചേർന്ന ആത്മാവിലുള്ള ഈ മർമത്തിന്റെ അനാവരണം മർമത്തിന്റെ വെളിപാടാണ്—3:3, 5.

എഫെ. 3:3 ഞാൻ മുമ്പേ ചുരുക്കത്തിൽ എഴുതിയിരുന്നതുപോലെ, വെളിപാടിനാൽ ആയിരുന്നു എനിക്കു മർമം അറിവാക്കിയത്,

എഫെ. 3:5 അത് ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടതുപോലെ, മറ്റു തലമുറകളിൽ മനുഷ്യപുത്രന്മാർക്ക് അറിവായിട്ടില്ലായിരുന്നു,

C. ദൈവത്തിന്റെ മർമം അവന്റെ മറഞ്ഞിരിക്കുന്ന ഉദ്ദേശ്യമാണ്, ഈ മർമത്തോടുകൂടെ ഒരു വ്യവസ്ഥയുണ്ട്—മർമത്തിന്റെ വ്യവസ്ഥ—വാ. 9.

എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

D. ക്രിസ്തു ഒരു മർമമാണ്, ക്രിസ്തുവിനെ ആവിഷ്കരിക്കാനുള്ള അവന്റെ ശരീരമായ സഭ, ക്രിസ്തുവിന്റെ മർമമാണ്—വാ. 4; കൊലൊ. 4:3.

എഫെ. 3:4 അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും

കൊലൊ. 4:3 അതേസമയം ക്രിസ്തുവിന്റെ മർമം സംസാരിക്കുവാൻ, വചനത്തിനായുള്ള വാതിൽ ദൈവം ഞങ്ങൾക്കു തുറക്കേണ്ടതിന്, ഞങ്ങൾക്കു വേണ്ടിയും പ്രാർഥിക്കുവിൻ (ഇതു നിമിത്തമല്ലോ ഞാനും ബന്ധനത്തിലായിരിക്കുന്നത്),

E. ഏകാത്മാവെന്ന നിലയിൽ ക്രിസ്തുവും സഭയും വലിയ മർമമാണ്—1 കൊരി. 6:17; എഫെ. 5:32.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

എഫെ. 5:32 ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു.

## V. സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു ദൈവത്തിന്റെ മർമമാണ്—കൊലൊ. 2:2:

കൊലൊ. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

A. ദൈവം താൻതന്നെ ഒരു മർമമാണ്, ക്രിസ്തു ഈ മർമത്തിന്റെ മർമമാണ്.

B. മനസ്സിലാക്കുവാൻ കഴിയാത്തതും വിശദീകരിക്കുവാൻ കഴിയാത്തതുമായ ഒന്നിനെ *ദൈവത്തിന്റെ മർമം* സൂചിപ്പിക്കുന്നു.

C. ദൈവത്തിന്റെ മർമമെന്ന നിലയിൽ, സർവവും-ഉൾക്കൊള്ളുന്ന, വിശാലനായ ക്രിസ്തു ദൈവത്തിന്റെ നിർവചനവും വിശദീകരണവും ആവിഷ്കാരവുമാണ്—ദൈവവചനമാണ്—യോഹ. 1:1, 14:

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

1. ദൈവം ആരംഭമോ അവസാനമോ ഇല്ലാത്ത അപരിമേയനും നിത്യനുമാണെങ്കിലും അവന് ഒരു ചരിത്രവും, അഥവാ ഒരു കഥയും ഉണ്ട്—റോമ. 16:26; സങ്കീ. 90:2.

റോമ. 16:26 മർമത്തിന്റെ വെളിപാടിനൊത്തവണ്ണവും, യേശു

ക്രിസ്തുവിന്റെ പ്രഖ്യാപനമായ, എന്റെ സുവിശേഷത്തിനൊത്തവണ്ണവും നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിവുള്ള,

സങ്കീ. 90:2 പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു.

2. സർവവും-ഉൾക്കൊള്ളുന്ന, വിശാലനായ ക്രിസ്തു—ദൈവത്തിന്റെ മർമം, ദൈവത്തിന്റെ മാർമികമായ കഥ—ദൈവത്തിന്റെ ചരിത്രമാണ്.
3. ദൈവത്തിന്റെ ചരിത്രം, അവൻ നമ്മിലേക്ക് പ്രവേശിക്കുകയും നാം അവനിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യത്തക്കവണ്ണം അവൻ കടന്നുപോയ പ്രക്രിയയെ പരാമർശിക്കുന്നു; ഈ പ്രക്രിയയിൽ ജഡാവതാരവും, മനുഷ്യജീവിതവും, ക്രൂശുമരണവും, പുനരുത്ഥാനവും, ആരോഹണവും, തേജസ്കരണവും, സിംഹാസനാരോഹണവും ഉൾപ്പെടുന്നു—യോഹ. 1:12-14, 29; 3:14; 12:24; 14:20.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

യോഹ. 3:14 മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനും ഉയർത്തപ്പെടേണം,

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

D. ദൈവത്തിന്റെ മർമമായ ഈ സർവവും-ഉൾക്കൊള്ളുന്ന, വിശാലനായ ക്രിസ്തുവിൽ, ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു—കൊലൊ. 2:3:

കൊലൊ. 2:3 അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു.

1. ജ്ഞാനം നമ്മുടെ ആത്മാവിനോടും പരിജ്ഞാനം നമ്മുടെ മനസ്സിനോടും ബന്ധപ്പെട്ടിരിക്കുന്നു—എഫെ. 1:8, 17.

   എഫെ. 1:8 അത് സകല ജ്ഞാനത്തിലും വിവേകത്തിലും നമുക്ക് വർധിച്ചുവരുവാൻ അവൻ ഇടയാക്കി,

   എഫെ. 1:17 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും, തേജസ്സിന്റെ പിതാവുമായവൻ, തന്നെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിൽ നിങ്ങൾക്ക് ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും,

2. ദൈവമാണ് ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിസ്തുല ഉറവിടം—റോമ. 16:27; 11:33.

   റോമ. 16:27 ഏകജ്ഞാനിയായ ദൈവത്തിന് യേശു ക്രിസ്തുവിലൂടെ, എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

   റോമ. 11:33 ഹാ, ദൈവത്തിന്റെ സമ്പത്തിന്റെയും ജ്ഞാനത്തിന്റെയും അറിവിന്റെയും ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!

3. ഇത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച ദിവ്യവ്യവസ്ഥയുടെ ആത്മിക ജ്ഞാനവും പരിജ്ഞാനവുമാണ്—എഫെ. 1:10; 3:9; 5:32.

   എഫെ. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

   എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

   എഫെ. 5:32 ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു.

4. ജ്ഞാനവും പരിജ്ഞാനവും ദൈവത്തിന്റെ എല്ലാ “കഥകളെയും” പരാമർശിക്കുന്നു.

5. ദൈവത്തിന്റെ കഥകളോടു ബന്ധപ്പെട്ട സകല ജ്ഞാനവും പരിജ്ഞാനവും ദൈവത്തിന്റെ മർമ്മമായ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു—കൊലൊ. 2:2-3.

കൊലൊ. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

കൊലൊ. 2:3 അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു.

## VI. ദൈവത്തിന്റെ മർമമെന്ന നിലയിൽ, ക്രിസ്തു ദൈവത്വത്തിന്റെ നിറവിന്റെ ദേഹരൂപമാണ്—വാ. 9:

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

A. *ദൈവത്വത്തിന്റെ സകല നിറവും* മുഴുവൻ ദൈവത്വത്തെ, സമ്പൂർണ ദൈവത്തെ സൂചിപ്പിക്കുന്നു—വാ. 9:

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

1. *ദൈവത്വം* എന്ന പദം ദൈവഭാവത്തെ പരാമർശിക്കുകയും, ക്രിസ്തുവിന്റെ ദൈവഭാവത്തെ ശക്തമായി സൂചിപ്പിക്കുകയും ചെയ്യുന്നു.
2. ദൈവത്വത്തിൽ പിതാവും പുത്രനും ആത്മാവും ഉൾപ്പെടുന്നതിനാൽ, ദൈവത്വത്തിന്റെ നിറവ് പിതാവിന്റെയും പുത്രന്റെയും ആത്മാവിന്റെയും നിറവായിരിക്കണം—മത്താ. 28:19; 2 കൊരി. 13:14.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

3. ക്രിസ്തു ദൈവത്വത്തിന്റെ നിറവിന്റെ ദേഹരൂപമായിരിക്കുകയെന്നാൽ ത്രിയേക ദൈവത്തിന്റെ നിറവ് ക്രിസ്തുവിൽ ദേഹരൂപമായി വസിക്കുന്നു എന്നാണർഥം—കൊലൊ. 2:9:

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

a. ഇത് ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ ധരിച്ച ഭൗതിക ശരീരത്തെ വിവക്ഷിക്കുന്നു, കൂടാതെ ഇത് ഒരു മനുഷ്യശരീരമുള്ളവനായ ക്രിസ്തുവിൽ ദൈവത്വത്തിന്റെ നിറവ് വസിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു—യോഹ. 1:14; റോമ. 8:3; എബ്രാ. 2:14.

| | |
|---|---|
| യോഹ. 1:14 | വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു). |
| റോമ. 8:3 | ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു, |
| എബ്രാ. 2:14 | ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്, |

b. തന്റെ ജഡാവതാരത്തിനുമുമ്പ് ദൈവത്വത്തിന്റെ നിറവ് നിത്യവചനമായ ക്രിസ്തുവിൽ വസിച്ചിരുന്നു, എന്നാൽ അത് അവനിൽ ദേഹരൂപമായി വസിച്ചില്ല—യോഹ. 1:1.

| | |
|---|---|
| യോഹ. 1:1 | ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. |

c. മനുഷ്യശരീരം ധരിച്ചുകൊണ്ട് അവൻ ജഡാവതാരം ചെയ്തശേഷം ദൈവത്വത്തിന്റെ നിറവ് ദേഹരൂപമായി അവനിൽ വസിക്കുവാൻ തുടങ്ങി; അവന്റെ തേജസ്കരിക്കപ്പെട്ട ശരീരത്തിൽ (ഫിലി. 3:21) അത് ഇപ്പോഴും എന്നേക്കും വസിക്കുന്നു.

| | |
|---|---|
| ഫിലി. 3:21 | അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും. |

B. കൊലൊസ്സ്യർ 2:9-ലെ *നിറവ്* ദൈവത്തിന്റെ സമ്പത്തിനെയല്ല, ദൈവത്തിന്റെ സമ്പത്തിന്റെ ആവിഷ്കാരത്തെയാണ് പരാമർശിക്കുന്നത്:

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി

വസിക്കുന്നത്,

1. സമ്പത്ത് ഒരു വസ്തുവിന്റെ എണ്ണമാണ്, അതേസമയം നിറവ് ആ വസ്തുവിന്റെ ആവിഷ്കാരമായിത്തീരാനുള്ള വസ്തുവിന്റെ പുറത്തേക്കുള്ള ഒഴുക്ക്, കവിഞ്ഞൊഴുക്ക് ആണ്.
2. ക്രിസ്തുവിൽ വസിക്കുന്നത് ദൈവത്വത്തിന്റെ സമ്പത്ത് മാത്രമല്ല, ദൈവം താൻ ആയിരിക്കുന്ന സമ്പത്തിന്റെ ആവിഷ്കാരവുമാണ്:
   a. ദൈവത്തിന്റെ നിറവ് അവന്റെ സമ്പത്തിന്റെ കവിഞ്ഞൊഴുക്കാണ്, ഈ കവിഞ്ഞൊഴുക്ക് ദൈവത്തിന്റെ ആവിഷ്കാരമാണ്.
   b. ദൈവത്വത്തിന്റെ നിറവ് എന്നത് ദൈവത്വത്തിന്റെ ആവിഷ്കാരമാണ്, ദൈവം എന്താണെന്നതിന്റെ ആവിഷ്കാരമാണ്—വാ. 9.

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

3. പഴയ സൃഷ്ടിയായ പ്രപഞ്ചത്തിലും, പുതിയ സൃഷ്ടിയായ സഭയിലും ദൈവത്വം ആവിഷ്കരിക്കപ്പെടുന്നു—1:15, 18.

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

C. ദൈവപുത്രൻ ഒരു മനുഷ്യനായി ജഡാവതാരം ചെയ്തപ്പോൾ, അവന്റെ പക്കൽ ദൈവത്തിന്റെ നിറവുണ്ടായിരിക്കുകയും, ഈ നിറവിൽനിന്ന് നമുക്ക് എല്ലാവർക്കും ലഭിച്ചിരിക്കുന്നു—യോഹ. 1:14, 16:

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

1. യോഹന്നാൻ 1:16-ലെ *കൃപ* കൃപയുടെ സമ്പത്തിനെയല്ല, കൃപയുടെ നിറവിനെ പരാമർശിക്കുന്നു; കൃപയുടെ സമ്പത്ത് ദൈവത്തിലാണ്, എന്നാൽ കൃപയുടെ നിറവ് ക്രിസ്തു യേശുവിലാണ്—കൊലൊ. 2:9.

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

2. നാം സ്വികരിക്കുന്ന കൃപ കൃപയുടെ നിറവാണ്; നാം രക്ഷിക്കട്ടെ സമയം മുതൽ, നമുക്ക് കൃപമേൽ കൃപ പ്രാപിക്കാം.
3. യോഹന്നാൻ 1:16-ലെ *കൃപമേൽ കൃപ* എന്ന പദപ്രയോഗത്തെ സമുദ്രത്തിലെ ഇടവിടാതെ ഉരുണ്ടുവരുന്ന തിരമാലകളോട് ഉപമിക്കുവാൻ കഴിയും.

| | |
|---|---|
| യോഹ. 1:16 | അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു. |

**VII. ക്രിസ്തുവിലുള്ള വിശ്വാസികളെന്ന നിലയിൽ, നാം ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്ന ക്രിസ്തുവിൽ പൂർണരാക്കപ്പെട്ടിരിക്കുന്നു—കൊലൊ. 2:9-10:**

| | |
|---|---|
| കൊലൊ. 2:9 | അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്, |
| കൊലൊ. 2:10 | സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു. |

A. വാക്യം 10-ൽ "പൂർണരായിരിക്കുന്നു" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം പൂർത്തീകരണം, തികവ് എന്നാണ് അർഥമാക്കുന്നത്.

| | |
|---|---|
| കൊലൊ. 2:10 | സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു. |

B. സകല നിറവും ക്രിസ്തുവിൽ വസിക്കുന്നതുകൊണ്ടും നാം അവനിലേക്ക് വയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടും ദിവ്യ സമ്പത്താൽ നിറഞ്ഞവരായി നാം പൂർണരാക്കപ്പെട്ടിരിക്കുന്നു—1 കൊരി. 1:30; എഫെ. 3:8:

| | |
|---|---|
| 1 കൊരി. 1:30 | എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ, |
| എഫെ. 3:8 | സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും, |

1. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ക്രിസ്തുവിലേക്ക് വയ്ക്കപ്പെട്ടിരിക്കുന്നു; അതുകൊണ്ട്, നാം അവനുമായി ഏകീഭവിക്കുകയും അവനുമായി ഒന്നായിരിക്കുകയും ചെയ്യുന്നു—ഗലാ. 3:27; 2 കൊരി. 5:17.

| | |
|---|---|
| ഗലാ. 3:27 | ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ. |
| 2 കൊരി. 5:17 | അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു. |

2. വിശ്വാസികളായ നാം സർവവും-ഉൾക്കൊള്ളുന്ന, വിശാലനായ ക്രിസ്തുവിലേക്ക് വയ്ക്കപ്പെടുകയും, അവനുമായി ഏകീഭവിക്കുകയും, നമ്മുടെ ഭർത്താവായ അവനോട് ചേർക്കപ്പെടുകുയും ചെയ്തിരിക്കുന്നു; തന്മൂലം, നാം അവനോട് ഒന്നാണ്—കൊലൊ. 1:28; റോമ. 7:2-4; 1 കൊരി. 6:17.

| | |
|---|---|
| കൊലൊ. 1:28 | ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു; |
| റോമ. 7:2 | വിവാഹം കഴിച്ച സ്ത്രീ അവളുടെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ ന്യായപ്രമാണത്താൽ അവനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു; എന്നാൽ ഭർത്താവ് മരിച്ചാൽ, അവൾ ഭർത്താവിനെ സംബന്ധിച്ച ന്യായപ്രമാണത്തിൽനിന്ന് മോചിക്കപ്പെടുന്നു. |
| റോമ. 7:3 | അതുകൊണ്ട് ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ, അവൾ വേറൊരു പുരുഷനോട് ചേരുന്നുവെങ്കിൽ, അവൾ വ്യഭിചാരിണി എന്ന് വിളിക്കപ്പെടും; എന്നാൽ ഭർത്താവ് മരിക്കുന്നുവെങ്കിൽ, അവൾ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രയാകുന്നു, അങ്ങനെ അവൾ മറ്റൊരു പുരുഷനോട് ചേർന്നാൽപ്പോലും, വ്യഭിചാരിണിയല്ല. |
| റോമ. 7:4 | ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്, നിങ്ങൾ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവനായ മറ്റൊരുവനോട് ചേരുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിലൂടെ നിങ്ങളെ ന്യായപ്രമാണത്തിന് മരിപ്പിച്ചിരിക്കുന്നു. |
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |

3. നാം ക്രിസ്തുവിനോട് ഒന്നായതുകൊണ്ട്, അവൻ നിവർത്തിച്ചതും, നേടിയതും, കരസ്ഥമാക്കിയതുമായ എല്ലാറ്റിലും നാം പങ്കുചേരുന്നു; ക്രിസ്തു ആയിരിക്കുന്നതും ക്രിസ്തുവിനുള്ളതും സ്വീകരിച്ചുകൊണ്ട് ക്രിസ്തു അനുഭവിച്ചതും കടന്നുപോയതുമായ സകലവും നാം അവകാശമാക്കുന്നു.

4. അവൻ കടന്നുപോയതെല്ലാം ഇപ്പോൾ നമ്മുടെ ചരിത്രമാണ്, അവൻ നേടിയതും കരസ്ഥമാക്കിയതുമെല്ലാം നമ്മുടെ അവകാശമാണ്.

5. അവൻ ആയിരിക്കുന്ന സകലവും അവനുള്ള സകലവും നമുക്കുള്ളതാകുന്നു എന്നതാണ് ഫലം, അവൻ അനുഭവിച്ചതെല്ലാം നമ്മുടെ ചരിത്രമായിത്തീർന്നിരിക്കുന്നു—കൊലൊ. 2:11-13; 3:1.

| | |
|---|---|
| കൊലൊ. 2:11 | അവനിൽ നിങ്ങളെയും, ക്രിസ്തുവിന്റെ പരിച്ഛേദനയിൽ, ജഡശരീരം ഉരിഞ്ഞുകളഞ്ഞതിൽ, കൈകളാൽ അല്ലാത്ത പരിച്ഛേദനയാൽ പരിച്ഛേദന ചെയ്തു, |
| കൊലൊ. 2:12 | സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. |
| കൊലൊ. 2:13 | നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു; |
| കൊലൊ. 3:1 | ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ. |

C. ക്രിസ്തുവിൽ നമുക്കുള്ളതിനെക്കുറിച്ചുള്ള പൂർണമായ ഒരു തിരിച്ചറിവ് നമുക്കുണ്ടായിരിക്കുകയും, ക്രിസ്തുവിൽ നമുക്കുള്ള എല്ലാറ്റിലും പങ്കുചേരുവാൻ വിശ്വാസത്തെ നാം വ്യായാമം ചെയ്യുകയും വേണം—എഫെ. 3:17.

| | |
|---|---|
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |

D. ഈ നിറവ് സർവവും-ഉൾക്കൊള്ളുന്നതായതുകൊണ്ട്, അത് നമുക്കുവേണ്ടി സകലവും നിവർത്തിക്കുകയും, അത് നമ്മെ പൂർണമായി തൃപ്തിപ്പെടുത്തുകയും സഹായം പ്രദാനംചെയ്യുകയും, അത് നമ്മെ നിറഞ്ഞവരും തികഞ്ഞവരും പൂർണരുമാക്കുകയും ചെയ്യുന്നു—കൊലൊ. 2:9.

| | |
|---|---|
| കൊലൊ. 2:9 | അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്, |

E. ക്രിസ്തുവിൽ ദേഹരൂപമായി വസിക്കുന്ന സർവവും-ഉൾക്കൊള്ളുന്നതും അറുതിവരാത്തതുമായ നിറവ് നമുക്കുണ്ട്, അവനിൽ നാം പൂർണരാക്കപ്പെട്ടിരിക്കുന്നു—എഫെ. 3:8; കൊലൊ. 2:9-10.

| | |
|---|---|
| എഫെ. 3:8 | സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും |

| | |
|---|---|
| | ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും, |
| കൊലൊ. 2:9 | അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്, |
| കൊലൊ. 2:10 | സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു. |